21-05-2023

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–21/05/2023.

1. ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന "കരപ്പുറം കാർഷിക കാഴ്ചകൾ" കാർഷികമേളയിൽ ഇന്ന് രാവിലെ 10 മണി മുതൽ "കരപ്പുറത്തിന്റെ കാർഷിക സംസ്കൃതി, സുസ്ഥിര വികസനത്തിന് സംയോജിത കൃഷി, പൊക്കാളി കൃഷയും -ബ്രാൻഡിങ്ങും" എന്നീ വിഷയങ്ങളിൽ കാർഷിക സെമിനാറും ഉച്ചയ്ക്ക് ശേഷം പെൻസിൽ ഡ്രോയിംഗ് മത്സരവും വിവിധ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

2. നാളികേര വികസന ബോർഡ്, തെങ്ങിന്റെ ചങ്ങാതിക്കൂട്ടംപരിശീലനം ലഭിച്ചവർക്കായി തെങ്ങ് കയറ്റം, തെങ്ങ് സംരക്ഷണം, വിളവെടുപ്പ് ഉൾപ്പടെ തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു കോൾ സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നു. കോൾ സെന്ററിനാവശ്യമായ ഡാറ്റാബേസ് നിർമ്മിക്കുന്നതിന് വേണ്ടി വിവിധ നാളികേര ഉത്പാദക ഫെഡറേഷനുകൾ/കമ്പനികൾ/സൊസൈറ്റികൾ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, കൃഷിഭവനുകൾ വഴി നാളിതുവരെ ബോർഡ് സംഘടിപ്പിച്ചിട്ടുള്ള തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുത്ത് തെങ്ങ് കയറ്റം തൊഴിലായി സ്വീകരിച്ചിട്ടുള്ളവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു കൊണ്ടിരിക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്തും. താൽപര്യമുള്ള തെങ്ങിന്റെ ചങ്ങാതിമാർ വിവരങ്ങൾ നൽകുന്നതിനായി cdbpub@gmail.com എന്ന മെയിൽ ഐഡിയിലോ 0484 2376265, 2376137, 8848061240 എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലക്ക് കീഴിൽ കോഴിക്കോട് വേങ്ങേരിയിൽ പ്രവർത്തിക്കുന്ന വിജ്ഞാന വിപണന കേന്ദ്രത്തിൽ ഗുണമേന്മയുള്ള നല്ലയിനം ഫലവൃക്ഷ തൈകളും പച്ചക്കറി തൈകളും വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. അവക്കാഡോ ഗ്രാഫ്റ്റ്, കുറ്റി കുരുമുളക് , കുരുമുളക് ഗ്രാഫ്റ്റ് നാരകം, കുരുമുളക് തൈ, കറിവേപ്പ്, ആര്യവേപ്പ്, പാഷൻ ഫ്രൂട്ട്, ഗ്രാം മ്പൂ, പേര, അനാർ,റംമ്പൂട്ടാൻ, സർവ്വസുഗന്ധി, ഞാവൽ, ആത്തച്ചക്ക, പനീർ ചാമ്പ, തെങ്ങ് കൂടുതൽ വിവിരങ്ങൾക്ക് 0495 2935850 ,9188223584 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. പാലക്കാട് ജില്ലയിലെ തെക്കുംമുറിയിൽ പ്രവർത്തിക്കുന്ന കൃഷിവിജ്ഞാനകേന്ദ്രത്തിൽ മോഹിത് നഗർ കമുകിൻ തൈകൾ തൈ ഒന്നിന് 35 രൂപ നിരക്കിൽ ഈ മാസം 29 മുതൽ വിൽപ്പനയ്ക്ക് ലഭ്യമാണ് കൂടുതൽ വിവരങ്ങൾക്ക് 0466-2212279, 2912008, 6282937809 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ **കൂൺകൃഷി ആരോഗ്യത്തിനും ആദായത്തിനും** എന്ന വിഷയത്തിൽ മെയ് 26 ന് കമ്മ്യൂണികേഷൻ സെൻറർ ,മണ്ണുത്തിയിൽ വെച്ച് പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ കർഷകർക്ക് ആദായകരമായ രീതിയിൽ എങ്ങനെ ശാസ്ത്രീയമായി കൂൺ കൃഷി ചെയ്യാം എന്നതിനെപ്പറ്റി വിദഗ്ധ ഉപദേശവും സാങ്കേതിക പരിശീലനവും നൽകുന്നു. രജിസ്ട്രേഷൻ ഫീസ് 300/രൂപ. പങ്കെടുക്കാൻ താൽപര്യമുളള മെയ് 23 നു മുമ്പായി 0487-2370773 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക

6. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുളള ഗ്രാമശ്രീ ഇനത്തിൽപ്പെട്ടപിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഒഴിവുള്ള അസിസ്റ്റൻ്റ് പ്രൊഫസ്സർ, അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ താൽകാലിക നിയമനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kau.in സന്ദർശിക്കുക.

8. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജൂൺ 1 ലോക ക്ഷീരദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ, യു.പി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പെയിന്റിംഗ്, ചിത്രരചന മത്സരങ്ങൾ മെയ് 23ന് യു. പി, ഹൈ സ്കൂൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഭാഗങ്ങൾക്കായും ഉപന്യാസരചന, ഡയറി ക്വിസ് എന്നിവ മെയ് 24ന് ഹൈസ്കൂൾ വിഭാഗത്തിനു മാത്രമായും നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ മെയ് 22ന് വൈകുന്നേരം 4 മണിക്ക് മുൻപായി ഈ പരിശീലന കേന്ദ്രവുമായി 0471 2440911 എന്ന ഫോൺ മുഖേനയോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. മത്സരങ്ങളിൽ പങ്കെടുക്കാൻ വരുന്നവർ സ്കൂൾ ഐഡന്റിറ്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം